Your favouritenewspaperat your fingertips
morning news daily 9656571354



ഡോ. സൂസൻ കോരുത്
PhD,MSc,MSW,MBA
http://www.drsusankoruthu.com

# ആരാണ് വലിയ ആൾ നീയോ ഞാനോ ?

37

ഒന്നിൽ കൂടുതൽ ആളുകൾ കൂടുന്നിടത്ത് ആരാണ് വലിയവൻ എന്ന ചോദ്യം സുനിശ്ചിതമാണ്. അപ്പോൾപിന്നെ വിവാഹ ജീവിതത്തിലും കുടുംബ ജീവിതത്തിലും അത് ഉണ്ടാകാതെ വരില്ല. പലപ്പോഴും ഭാര്യയാണോ അതോ ഭർത്താവാണോ വലിയ ആൾ എന്ന വടംവലി ദമ്പതികൾ തമ്മിൽ കാണാറുമുണ്ട്. പലപ്പോഴും നാം ചിന്തിക്കുന്നത് കൂടുതൽ സമ്പത്തുള്ളയാളാണ് അങ്ങിനെ പെരുമാറുന്നത് എന്നാണ്. എന്നാൽ അങ്ങിനെയല്ല എന്നതാണ് ജീവിതങ്ങളെ പരിശോധിക്കുമ്പോൾ നമ്മുക്ക് മനസ്സിലാകുന്നത്. താൻ കാര്യം മാത്രം നോക്കുന്ന സ്വാർത്ഥമതികളായവരാണ് സ്വയം അവരോധിച്ച താനാണ് കുടുംബത്തിലെ പ്രധാന വ്യക്തിയെന്നും എല്ലാവരും തന്റെ സൗകര്യവും സുഖവുമനുസരിച്ച് അവരുടെ ജീവിതത്തെ ക്രമപ്പെടുത്തണം എന്ന് ചിന്തിക്കുന്നവരുമാണിവർ. അവർക്ക് സ്വന്തം അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നവരെ ഭയമാണ്. തങ്ങളുടെ ഇഷ്ടങ്ങൾക്ക് എതിരായി സംസാരിക്കുന്നവരെയോ, പ്രവർത്തിക്കുന്നവരെയോ അവർ ഉൾകൊള്ളുകയില്ല.

വ്യത്യസ്ത വ്യക്തികളുടെ സമ്മേളനമാണ് ഒരു കുടുംബത്തിൽ ദൃശ്യമാകുന്നത്. അവിടെ താനാണ് വലിയവനെന്ന വടംവലി പാടില്ല. അങ്ങിനെയുള്ള കുടുംബങ്ങളിൽ ചേരിതിരിഞ്ഞുള്ള മത്സരങ്ങൾ കാണാറുണ്ട്. അപ്രകാരമുള്ള വടംവലികൾ കുടുംബത്തിൽ വിള്ളലുകളുണ്ടാക്കുന്നു. അങ്ങിനെയുള്ള കുടുംബങ്ങളിൽ വ്യക്തിത്വ വികസനത്തിനുള്ള നല്ല അന്തരീക്ഷം ഉണ്ടാവുകയില്ല. പലപ്പോഴും പുരുഷനാണോ സ്ത്രീയാണോ വലിയ ആൾ എന്ന ചോദ്യം ഉയർന്നു വരാറുണ്ട്. മത്സരം ഒരുപോലുള്ള ആളുകൾ തമ്മിലാണ് ഉണ്ടാകേണ്ടത്. അതല്ലാതെ പൂർണ്ണമായും രൂപത്തിലും, ഭാവത്തിലും, വ്യത്യസ്തതയുള്ളവരുമായി അല്ല. പുരുഷനും സ്ത്രീയും വളരെ വ്യത്യസ്തരായ വ്യക്തികളാണ്. അതുകൊണ്ടു തന്നെ അവരെ പരസ്പരം തുലനം ചെയ്യുകയെന്നത് നീതിപൂർവകമായ പ്രവർത്തിയല്ല. അങ്ങിനെ ചെയ്യുന്നത് ഒരിക്കലും ന്യായീകരണം അർഹിക്കുന്നില്ല. അപ്രകാരം പരസ്പരം മത്സരിക്കുന്ന മാതാപിതാക്കൾ മക്കളുടെ നിർഭാഗ്യമാണെന്നു പറയേണ്ടതായി വരും. അതുപോലെ മത്സരത്തിൽ വിജയിച്ചു നിൽക്കുന്ന ആൾ മറ്റുള്ളവരെ അടിമകളായി കരുതുന്നതും നിർഭാഗ്യം തന്നെയാണ്.

പുരുഷനും സ്ത്രീയും പരസ്പരം മത്സരിക്കേണ്ടവരല്ല മറിച്ചു പരസ്പരപൂരകങ്ങളായി പ്രവർത്തിക്കേണ്ടവരാണ്. പുരുഷന്റെ ശരീരവും സ്ത്രീയുടെ ശരീരവും വളരെ വ്യത്യസ്തമാണ്. പുരുഷന്റെ ഭാവങ്ങളും സ്ത്രീയുടെ ഭാവങ്ങളും വ്യത്യസ്തങ്ങളാണ്. ഈ സത്യം മനസ്സിലാക്കുന്നവരാണ് തങ്ങളെ നന്നായി മനസ്സിലാക്കി തങ്ങളുടെ സത്തയെ തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്നവർ.

ജോലി സംബന്ധമായി നോക്കുകയാണെങ്കിൽ രണ്ടു കൂട്ടർക്കും ഒരുവിധം എല്ലാ ജോലികളും ചെയ്യുവാൻ സാധിക്കും. എന്നാൽ സ്ത്രീകൾ വൈകാരികമായും പുരുഷന്മാർ യുക്തിപരമായും ചിന്തിക്കുന്നവരാണ് എന്നാണ് കരുതിവന്നിരുന്നത്. എന്നാൽ ഇന്ന് എല്ലാവിധ മേഖലകളിലും പരിശീലനം നേടിയ വനിതകൾ തങ്ങളുടെ ചിന്താരീതിയിൽ യുക്തിക്കും ഇടം കൊടുത്തു വരുന്നത് കാണുവാൻ കഴിയും. പല സ്ത്രീകളും ഉയർന്ന വിദ്യാഭ്യാസം നേടിയവരും സ്വതന്ത്രമായി ജോലി ചെയ്യുകയും സമ്പാദിക്കുകയും ചെയ്യുന്നവരാണ്. പണ്ട് കാലങ്ങളിൽ ഭർത്താവിന്റെ ചെലവിലാണ് ഭാര്യ കഴിഞ്ഞിരുന്നെങ്കിൽ ഇന്ന് പല ഭർത്താക്കന്മാരും ഭാര്യമാരുടെ ചിലവിലാണ് കഴിയുന്നത്. ഇവരിൽ പലരും ചില വ്യക്തിത്വ വൈകല്യമുള്ളവരും ആണ്.

ആൺകുട്ടികൾക്ക് അമിതപ്രാധാന്യം നല്കുന്ന ഒരു സാമൂഹിക വ്യവസ്ഥിതി നമ്മിൽ പലരും പിന്തുടരുന്നത് കൊണ്ട് പെൺകുട്ടികളുടെ സമ്പാദ്യമൊക്കെ തന്റേതാണെന്ന് കരുതി എല്ലാം സ്വന്തമാക്കി അടക്കി ഭരിക്കുന്ന ഭർത്താക്കന്മാർ സാമ്പത്തികമായി ഭാര്യയെ ചൂഷണം ചെയ്യുന്നവരാണ്. ജോലി ചെയ്യുന്നവർക്കാണ് തങ്ങളുടെ വേതനം കൈകാര്യം ചെയ്യാനുള്ള അവകാശം. അതൊരിക്കലും പിടിച്ചുവാങ്ങുന്നതു ശരിയായ രീതിയല്ല. അടിമയും ഉടമയും പോലെയുള്ള ബന്ധങ്ങൾ കുടുംബങ്ങളിൽ വരാതെ നാം ശ്രദ്ധിക്കണം. തങ്ങളുടെ വേതനം കുടുംബത്തിന്റെ ഉന്നമനത്തിനായി എങ്ങിനെ ഉപയോഗിക്കാമെന്ന് ഭാര്യയും ഭർത്താവും പരസ്പരം ആലോചിച്ച് കൈകാര്യം ചെയ്യേണം. ഒരു കുടുംബത്തിന്റെ ഉന്നമനത്തിനും, ശരിയായ നടത്തിപ്പിനും എല്ലാവരുടെയും കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

ഭാര്യയും ഭർത്താവും ഉദ്യോഗസ്ഥരായ കുടുംബത്തിൽ രണ്ടു പേരും ചേർന്ന് വീട്ടുജോലികൾ ചെയ്യേണ്ടതുണ്ട്. അല്ലാതെ അത് ഒരാളുടെ മാത്രം കുത്തകയായ ജോലിയാക്കരുത്. ഇന്ന ജോലി ഇന്നവർക്കു മാത്രമുള്ളതാണ് എവിടെയും പറഞ്ഞിട്ടില്ല. അതുകൊണ്ടു തന്നെ ഏതു ജോലിയും ആർക്കും ചെയ്യാം. കുട്ടികളെയും അങ്ങിനെ തന്നെ പരിശീലിപ്പിക്കണം. ഇനി രണ്ടുപേർക്കും സമയവും സൗകര്യവും ഒക്കുന്നില്ലെങ്കിൽ സഹായത്തിനായി ജോലിക്കാരെ നിയോഗിക്കാം. അല്ലാതെ ഒരാൾ മാത്രം രാവും പകലും കഷ്ടപ്പെടുകയും മറ്റെയാൾ ആസ്വദിക്കുകയും ചെയ്യുന്ന രീതികൾ കുടുംബങ്ങളിൽ നിന്നും പൂർണ്ണമായും നീങ്ങണം. ഇനി ചിലരുണ്ട് അടുക്കള പണി സ്ത്രീകളുടെ മാത്രം കുത്തകയാണെന്നും അതറിയാത്ത അല്ലെങ്കിൽ ചെയ്യാനിഷ്ടമല്ലാത്ത സ്ത്രീകൾക്ക് എന്തോ സാരമായ കുറവുകളുണ്ടെന്നും ചിന്തിക്കുന്നവർ. എന്നാൽ ഏതു ജോലിയും പോലെ തന്നെ അടുക്കള പണിയും എല്ലാവർക്കും ഇഷ്ടമാവണം എന്നില്ല. അത് സ്ത്രീകൾ തന്നെ ചെയ്യണമെന്നും നിർബന്ധമില്ല. ഒരു സ്ത്രീക്ക് ഔദ്യോഗിക പദവികളും ജോലികളുമാണ് ഇഷ്ടമെങ്കിൽ അത് ചെയ്യാനുള്ള സ്വാതന്ത്ര്യം പുരുഷനെന്ന പോലെ സ്ത്രീക്കും ഉണ്ട്. എന്നാൽ അവളുടെ വേതനം കിട്ടാനായി കൈനീട്ടുന്ന പല പുരുഷന്മാരും അവളുടെ വിശ്രമമില്ലാത്ത ജോലിയിൽ ഒരു കൈ സഹായം ചെയ്യുന്നത് വിരളമാണ്. എല്ലാ പുരുഷന്മാരും അങ്ങിനെയല്ല കേട്ടോ, ഭാര്യയും ഭർത്താവും തങ്ങളുടെ ഔദ്യോഗിക ജോലിത്തിരക്കുകളനുസരിച്ചു തങ്ങളുടെ വീട്ടിലെ ജോലികൾ കൈകാര്യം ചെയ്യുന്ന വീടുകളും ധാരാളം കാണുവാൻ സാധിക്കും. morningnewsdaily.org

ഭർത്താവോ ഭാര്യയോ ആരെങ്കിലും ഒരാൾ വീട്ടിൽ രാജകീയമായി കഴിയുകയും മറ്റുള്ളവർ അവരുടെ സേവകരുമായി കഴിയുന്ന കുടുംബങ്ങളെ ഉത്തമ കുടുംബങ്ങളായി കണക്കാക്കാൻ ആവില്ല. എല്ലാവരും ഒരേസമയം തങ്ങളുടെ ജോലികൾ ചെയ്യുകയും, ഒരേസമയം ഭക്ഷണം കഴിക്കുകയും, ഒരേസമയം പ്രാർത്ഥിക്കുകയും,ഒരേസമയം ടെലിവിഷൻ ഷോ കാണുകയും, ഒരേസമയം ഉറങ്ങാൻ പോകുകയും, ഒരേസമയം ഉറക്കമുണരുകയും ചെയ്യുന്ന കുടുംബങ്ങളാണ് വളർന്നു വരേണ്ടത്. അല്ലാതെ ഒരാൾ വിശ്രമിക്കുകയും, ആനന്ദിക്കുകയും മറ്റെയാൾ കഠിനതരമായി ജോലി ചെയ്യുന്ന രീതിയല്ല നാം തുടരേണ്ടത്. ജീവിതം സന്തോഷകരമായി ആസ്വദിച്ചു ജീവിക്കാൻ ഓരോരുത്തർക്കും അവകാശമുണ്ട് അതുപോലെത്തന്നെ തങ്ങളുടെ അദ്ധ്വാനഫലം എപ്രകാരം ഉപയോഗിക്കണം എന്ന് തീരുമാനിക്കുന്നവരും അവർ തന്നെയായിരിക്കണം.

ഒരാൾ മറ്റേയാളുടെ മേൽ ആധിപത്യം സ്ഥാപിക്കാത്ത പരസ്പര വിശ്വാസത്തിലും, സ്നേഹത്തിലും, സഹകരണത്തിലും, കരുതലിലും ഊന്നിയ ഓരോരുത്തരും പരസ്പര ബഹുമാനത്തോടെ ജീവിക്കുന്ന കുടുംബങ്ങളെ കെട്ടിപ്പടുക്കുവാൻ നമ്മുക്ക് സാധിക്കട്ടെ. എല്ലാവരുടെയും ഉന്നതിയും, സന്തോഷവും, സമാധാനവുമായിരിക്കണം കുടുംബത്തിലെ ഓരോ വ്യക്തികളുടെയും ലക്ഷ്യം.

**പുരുഷനും സ്ത്രീയും പരസ്പരം മത്സരിക്കേണ്ടവരല്ല മറിച്ചു പരസ്പരപൂരകങ്ങളായി പ്രവർത്തിക്കേണ്ടവരാണ്**

